പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1516 **01-07-2026-ൽ മറുപടിയ്ക്ക്**

മെഡിസെപ്പ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ	ശ്രീ. വി. ഡി. സതീശൻ
ശ്രീ. പി. കെ. ഫിറോസ്	(മുഖ്യമന്ത്രി)
ശ്രീ. പാറക്കൽ അബ്ദുല്ല	

(എ) മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന പല ആശുപത്രികളും ഈ പദ്ധതിയിൽ നിന്നും പിൻമാറുന്നത് പരിശോധിച്ചിട്ടുണ്ടോ;

മറുപടി: മെഡിസെപ് പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കൂടുതൽ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

മറുപടി: RFP യിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും പാലിക്കപ്പെടുന്ന ആശുപത്രികളെയാണ് പദ്ധതിയിൽ എമ്പാനൽ ചെയ്യുന്നത്. ആശുപത്രികളെ എംപാനൽ ചെയ്യുവാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് ഇൻഷ്വറൻസ് കമ്പനിയെയാണ്. ഇത് ഒരു തുടർ പ്രവർത്തനമാണ്. പദ്ധതി കാലയളവിൽ എപ്പോൾ വേണമെങ്കിലും ആശുപത്രികളെ എമ്പാനൽ ചെയ്യാവുന്നതാണ്. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ, യോഗ്യതയുള്ള കൂടുതൽ സ്വകാര്യ ആശുപത്രികളേയും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളേയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പല ആശുപത്രികളും മുൻകൂർ പണം ആവശ്യപ്പെടുന്നതായി പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

മറുപടി: മെഡിസെപ് പദ്ധതി സമഗ്രമായി പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ